**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തികവർഷം ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നാളിതുവരെ ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (എ) | എറണാകുളം ജില്ലയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ‘ഓപ്പറേഷൻ ബ്രേക്ക് ത്രൂ’ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പത്ത് കോടി രൂപ പ്രഖ്യാപിച്ചിരുന്നു. മേൽ ആവശ്യത്തിൽ ന്യൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനായി 2022 -23 സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ വിഹിതം അനുവദിച്ചിരുന്നു. ‘ഓപ്പറേഷൻ ബ്രേക്ക് ത്രൂ’ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ‘Kochi flood - OBT Phase IV - Flood Mitigation in Kammattipadam area’ എന്ന പ്രവൃത്തിയ്ക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതി 24.03.2023 ലെ സ.ഉ.(സാധാ) നം.307/2023/ജ.വി.വ പ്രകാരം അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഈ പ്രവർത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ OBT - Phase IV Renovation of Thevara Perandoor Canal from Ch.0 to 9.95 km in Kochi Corporation - Ernakulam District എന്ന പ്രവൃത്തിയ്ക്ക് 937 ലക്ഷം രൂപയുടെ ഭരണാനുമതി 28.03.2023 ലെ സ.ഉ. (സാധാ) നം.326/2023/ ജ.വി.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ മുല്ലശ്ശേരി കനാൽ നവീകരണത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ വാട്ടർ സീവേജ് ലൈനുകൾ മാറ്റിയിടുന്ന പ്രവൃത്തിയ്ക്കായി 253 ലക്ഷം രൂപയുടെ അധിക ധനാനുമതി അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | പ്രസ്തുത പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ OBT – Mitigation of Flooding near High Court Junction and revamping of connected drains in Kochi Corporation എന്ന പ്രവൃത്തിയ്ക്ക് 450 ലക്ഷം രൂപയുടെ ഭരണാനുമതി ദുരന്തനിവാരണ വകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | | | 09.06.2023 - ലെ സ.ഉ.(സാധാ) നം.364/2023/DMD പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ